**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1022** **10-08-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ വന്യമൃഗ വേട്ട തടയൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ വന്യമൃഗ വേട്ട തടയുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; വന്യമൃഗ വേട്ട തടയുന്നതിനുള്ള നടപടികൾ കർശനമാക്കുമോ ; വിശദാംശം നൽകുമോ ? | (എ) | വന്യമൃഗ വേട്ട തടയുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>• വന്യമൃഗ വേട്ട തടയുന്നതിനായി സംസ്ഥാന വനംവകുപ്പ് കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വന്യമൃഗ വേട്ട തടയുന്നതിനായി വനത്തിനുള്ളിലും വനാതിർത്തി പ്രദേശങ്ങളിലും സംരക്ഷണ വിഭാഗം ജീവനക്കാരും മറ്റ് ഉദ്യോഗസ്ഥരും പകലും രാത്രിയും നിരന്തരമായി പട്രോളിംഗം, ക്യാമ്പിങ്ങും നടത്തുന്നുണ്ട്.<br><br>• വനത്തിനുള്ളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ Anti-poaching Camp Sheds നിർമ്മിക്കുകയും, വേട്ടയാടൽ തടയുന്നതിനായി ആവശ്യമായ ജീവനക്കാരെ നിയോഗിക്കുകയും ചെയ്യുന്നുണ്ട്.<br><br>• സംസ്ഥാന വനം വകുപ്പ് ഇൻഫോർമർമാരുടെ ശൃംഗലയുടെ സേവനം ഉപയോഗപ്പെടുത്തി ഇന്റലിജൻസ് സെൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് വേട്ടയാടൽ തടയുന്നതിനും കുറ്റവാളികളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും സഹായിക്കുന്നു.<br><br>• വനത്തിനുള്ളിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കുറ്റകൃത്യം കണ്ടെത്തിയാൽ ആയതിൽ ഉൾപ്പെട്ടിട്ടുള്ള കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ